"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്തനിവാരണ വകുപ്പ്-കാലാവർഷകെടുതികൾ -എസ്. ഡി. ആർ. എഫ് -കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ ആതകശ്ശേരി അമ്പലം റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.229/2025/DMD തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-
1. 21.09.2023 ലെ സ.ഉ. (സാധാ) നം. 583/2023/ഡി.എം. ഡി.
2. അഡ്വ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി ) എം. എൽ. എ 24.03.2025 തീയതിയിൽ ബഹു:റവന്യൂ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച MLA/BLRY/Eav(M)/150 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എസ്. ഡി. ആർ. എഫ് മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 10,00,000/-(പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ ആതകശ്ശേരി അമ്പലം റോഡ് പുനരുദ്ധാരണ പ്രവൃത്തി ചില സാങ്കേതിക കാരണങ്ങളാൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിലും പ്രസ്തുത റോഡ് നവീകരണം അത്യാവശ്യമായതിനാലും ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവൃത്തി ചെയ്യാൻ സാധിക്കാതിരുന്നതെന്നും റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകണമെന്നും ബാലുശ്ശേരി എം. എൽ. എ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ ആതകകശ്ശേരി അമ്പലം റോഡ്പുനരുദ്ധാരണ പ്രവൃത്തിയുടെ ഭരണാനുമതി മുൻ ഭരണാനുമതി തുകയിൽ മാറ്റം വരാതെ (ഒരു വർഷം ) കൂടി പുതുക്കി നൽകി ഉത്തരവാകുന്നു. പ്രസ്തുത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീയാക്കുന്നുണ്ടെന്ന് കോഴിക്കോട് ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

3. പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/91/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 08-04-2025 14:51:00

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്